പ്രൊപ്പോസൽ പരിഗണിച്ച് 2.35 കോടി രൂപയുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ തുടർപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ നിശ്ചിത മാനദണ്ഡങ്ങളോടുകൂടി താലൂക്കുതല ആശുപത്രിയായി വികസിപ്പിക്കാനും സൗകര്യങ്ങൾ ക്രമീകരിക്കാനുമുള്ള നയമാണ് ആർദ്രം മിഷൻ വിഭാവന ചെയ്യുന്നത്. ഇതനുസരിച്ച് ആർദ്രം പദ്ധതിയുടെ ഭാഗമായി പിറവം താലൂക്കാശുപത്രിയെ താലൂക്കുതല ആശുപത്രികളുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കാൻ കഴിയുമോയെന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കാക്കി പരിശോധിക്കുന്നതാണ്.

(10) മഞ്ചേരി ജനറൽ ആശുപത്രി

ശ്രീ. യു. എ. ലത്തീഫ്: സർ, പൊതുജനങ്ങളിൽനിന്നും സംഭാവന സ്വീകരിച്ചുകൊണ്ട് ജനപങ്കാളിത്തത്തോടുകൂടി മലപ്പുറം മോഡലിൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിന് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, 'ശ്രീ. സെയ്ദ് മുഹമ്മദലി ശിഹാബ് തങ്ങൾ ജനറൽ ആശുപത്രി' എന്ന് പേരിട്ടു. ഉമ്മൻചാണ്ടി സർക്കാർ മലപ്പുറം ജില്ലയ്ക്ക് നൽകിയ മഞ്ചേരി മെഡിക്കൽ കോളേജിനെ ജില്ലയിലെ ജനങ്ങൾ വളരെ സന്തോഷത്തോടെ സ്വീകരിച്ചു. മാത്രമല്ല ജില്ലാ ആശുപത്രി നഷ്ടപ്പെടാതിരിക്കാൻ 2014 ഡിസംബർ 30-ന് മഞ്ചേരി ആശുപത്രിക്കായി ചെരണിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഉത്തരവിറക്കി. പിന്നീട് വന്ന സർക്കാരുകൾ ബഡ്ജറ്റുകളിൽ പത്ത് കോടി രൂപ മുതൽ പതിനൊന്ന് കോടി രൂപ വരെ ഇതിനായി വകയിരുത്തി. ചെരണിയിൽ പുതിയ ജനറൽ ആശുപത്രി നിർമ്മിക്കാൻ പ്രയാസമുണ്ടെന്ന് 27-08-2016-ന് ആരോഗ്യ വകുപ്പ് സെക്രട്ടറി അറിയിച്ചു. 31-10-2017-ന് ചേർന്ന മഞ്ചേരി മുനിസിപ്പൽ കൗൺസിൽ യോഗം ജനറൽ ആശുപത്രി ചെരണിയിൽ തന്നെ സ്ഥാപിക്കണമെന്ന് ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി. 5-3-2018-ന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഇൻകെൽ എന്ന കമ്പനിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവിറക്കി. കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്താൻ തീരുമാനിച്ചു. വർഷങ്ങൾ കഴിഞ്ഞിട്ടും ജനറൽ ആശുപത്രി യാഥാർത്ഥ്യമായില്ല. അവിടെ 501 കിടക്കകളും ഒരു ദിവസം രണ്ടായിരത്തി അഞ്ഞൂറോളം ഒ.പി.-യുമുണ്ടായിരുന്നു. മാസത്തിൽ രണ്ടായിരത്തിലധികം പ്രസവം നടക്കുമായിരുന്നു. മഞ്ചേരി, മലപ്പുറം, കൊണ്ടോട്ടി, വണ്ടൂർ, മങ്കട മണ്ഡലങ്ങളിലെ ഒന്നരലക്ഷത്തിലധികം ആളുകൾ ആശ്രയിച്ചിരുന്ന ജനറൽ ആശുപത്രി ഇല്ലാതായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ മാസം 25-ന് മഞ്ചേരിയിൽ ചേർന്ന സർവ്വകക്ഷിയോഗത്തിൽ ഞാനും പങ്കെടുത്തിരുന്നു. ആ യോഗത്തിൽ ജനറൽ ആശുപത്രികളുടെ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജിതപ്പെടുത്താൻ സർക്കാരിനോട് അപേക്ഷിക്കാൻ തീരുമാനിച്ചു. 14-6-2021-ന് ചേർന്ന മഞ്ചേരി മുനിസിപ്പൽ കൗൺസിൽ യോഗം നിലവിലുള്ള ഡോക്ടർമാരെയും സ്റ്റാഫിനെയും ഉപയോഗിച്ചതന്നെ ജില്ലാ ആശുപത്രി നിലനിർത്തണമെന്ന് ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും ഒ.പി. അടക്കമുള്ള താൽക്കാലിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ തയ്യാറാണെന്ന് മുനിസിപ്പാലിറ്റി ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്തു. അതുകൊണ്ട് മഞ്ചേരിയിലെ ജനറൽ ആശുപത്രിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, മലപ്പുറം ജില്ലയിലെ മഞ്ചേരി സർക്കാർ ജനറൽ ആശുപത്രിയെ നിലനിർത്തിക്കൊണ്ടും ആശുപത്രിയുടെ ഭൗതിക സാഹചര്യം ഉപയോഗപ്പെടുത്തിക്കൊണ്ടും മഞ്ചേരിയിൽ സർക്കാർ മെഡിക്കൽ കോളേജ് പ്രവർത്തിച്ചുവരുന്നു. മലപ്പുറം ജില്ലയിലെ സാധാരണക്കാർ ത്രിതീയ ചികിത്സയ്ക്കായി ആശ്രയിക്കുന്ന ആശുപത്രിയാണ് മഞ്ചേരി മെഡിക്കൽ കോളേജ്. ഈ ആശുപത്രിയുടെ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി അത്യാഹിത വിഭാഗം, ആശുപത്രി വാർഡുകൾ എന്നിവ നവീകരിക്കുകയും ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രി രോഗീസൗഹൃദമാക്കുകയും ചെയ്തിട്ടുണ്ട്. അത്യാഹിത വിഭാഗം നവീകരിക്കുന്നതിനായി 99 ലക്ഷം രൂപ അനുവദിച്ചു. അതിന്റെ പ്രവൃത്തികൾ നടന്നുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കാർഡിയോളജി വിഭാഗം ശക്തിപ്പെടുത്തുകയും എട്ട് കോടി രൂപ മുതൽമുടക്കി കാത്ത് ലാബ് അനുവദിക്കുകയും ആയത് പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്. ആശുപത്രിയിൽ എത്തുന്ന രോഗികളുടെ ചികിത്സയ്ക്കായി സി.ടി. സ്കാൻ, മാമോഗ്രാഫി, അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ, വെന്റിലേറ്റർ, കളർ ഡോപ്ലർ, ഇക്കോ കാർഡിയോഗ്രാഫി, ഹൈ എൻഡ് അൾട്രാ സോണോഗ്രാം തുടങ്ങി ഒട്ടനവധി ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2.81 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി ഭരണാനുമതി നൽകി നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ എം.ബി.ബി.എസ്. മാത്രമുണ്ടായിരുന്ന ഈ മെഡിക്കൽ കോളേജിൽ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഇ.എൻ.ടി. വിഭാഗത്തിൽ പി.ജി. കോഴ്സ് ആരംഭിച്ചിട്ടുണ്ട്. ബഹുമാന്യനായ അംഗം ഇവിടെ പറഞ്ഞ കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള കൂട്ടായ ആലോചനയിലൂടെ തുടർനടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly